## കേരള കാർഷിക സർവ്വകലാശാല
## അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി

### ക്വട്ടേഷൻ നോട്ടീസ്

നം.ARS/B/439/13 -1

ചാലക്കുടി, തിയ്യതി. 29.12.2025

ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിലേക്ക് ആവശ്യമായ ചാണകം തുമ്പൂർമുഴിയിൽ ഉള്ള കേരള വെറ്ററിനറി സർവ്വകലാശാല, കന്നുകാലി പ്രജനന കേന്ദ്രത്തിൽ നിന്നും വാഹനത്തിൽ കയറ്റി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ ഇറക്കി കൊടുക്കുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ കാലാവധി 12.01.2026 മുതൽ 31.12.2026 വരെ ആയിരിക്കും.

### ക്വട്ടേഷൻ വ്യവസ്ഥകൾ

1. തുമ്പൂർമുഴി കേരള വെറ്ററിനറി സർവ്വകലാശാല, കന്നുകാലി പ്രജനന കേന്ദ്രത്തിന്റെ ഫാമിലുള്ള ചാണകം, ഒരു യൂണിറ്റ് സാധനങ്ങൾ കൊള്ളുന്ന മഹീന്ദ്ര നിസ്സാൻ (ബോഡിയുടെ അളവ് 10 അടി നീളം, 1½ അടി ഉയരം 6 അടി വീതി) മിനി ലോറിയിൽ കയറ്റി ചാലക്കുടി ഫാമിൽ കൊണ്ടുവന്ന്, ഫാം ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇറക്കി തരുന്നതിന്, കയറ്റിറക്ക് കൂലിയും, വണ്ടിവാടകയും ഉൾപ്പെടെ ഒരു ലോഡിന് വേണ്ടിവരുന്ന തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

2. ഓരോ ലോഡിലും വണ്ടിയുടെ ബോഡി അളവിൽ പരമാവധി കൊള്ളാവുന്ന അത്രയും ചാണകം നിർബന്ധമായും കയറ്റി കൊണ്ടുവരേണ്ടതാണ്.

3. സീൽ ചെയ്ത ക്വട്ടേഷനുകൾ, പ്രൊഫസർ ആന്റ് ഹെഡ് എന്ന വിലാസമെഴുതിയ കവറിൽ, 12.01.2026 ഉച്ചക്ക് 3 മണിക്ക് മുൻപായി ഓഫീസിൽ എത്തിക്കേണ്ടതാണ്. അന്നേദിവസം ഉച്ചക്ക് 3.30 ന് അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ പേർക്ക് സ്റ്റേഷൻ മേധാവിക്ക് തൃപ്തികരമെന്ന് തോന്നുന്ന പക്ഷം ഉറപ്പിക്കുന്നതുമാണ്. കവറിന്റെ മുകൾ ഭാഗത്തായി ചാണകം വണ്ടിയിൽ എത്തിച്ചു നൽകുന്നതിനുള്ള ക്വട്ടേഷൻ എന്ന് കാണിച്ചിരിക്കണം. യാതൊരു കാരണവും കൂടാതെ തന്നെ ക്വട്ടേഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

4. പ്രവർത്തി ദിവസങ്ങളിലും, പ്രവർത്തി സമയങ്ങളിലും, ഫാം ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ച് മാത്രമെ ചാണകം എത്തിച്ച് നൽകുവാൻ പാടുള്ളു.

5. ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികൾ <u>1000</u> രൂപ EMD ആയി നൽകേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിയുടെ EMD ക്വട്ടേഷന്റെ കാലാവധി തീരുന്നത് വരെ ഈ സ്റ്റേഷനിൽ സൂക്ഷിക്കുന്നതായിരിക്കും.

6. ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് തുമ്പൂർമുഴി ഫാമിലെ ചാണകത്തിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ കാലതാമസം കൂടാതെ തന്നെ ചാണകം എത്തിച്ച് നൽകേണ്ടതാണ്.

7. ചാണകം എത്തിച്ച് നൽകിയശേഷം അതിനുള്ള തുക ലഭിക്കുന്നതിലേക്കായി ഇടവിട്ടുള്ള സമയങ്ങളിൽ ബന്ധപ്പെട്ട വൗച്ചർ നൽകേണ്ടതും, ടി തുക ചെക്ക് ആയി നൽകുന്നതുമായിരിക്കും.

8. ചാണകം ഫാമിൽ ഇറക്കുന്ന സമയത്ത്, ഏന്തെങ്കിലും വിധത്തിൽ നാശനഷ്ടങ്ങൾ ഫാമിലുണ്ടായാൽ ആയതിന്റെ വ്യാപ്തിക്കനുസരിച്ച് അധികാരികൾ ചുമത്തുന്ന പിഴ അടയ്ക്കുവാൻ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി ബാധ്യസ്ഥൻ ആയിരിക്കും

9. ഇൻകം ടാക്സ് ആക്ട് 194 (c) പ്രകാരം, 1 ലക്ഷം രൂപയുടെ മുകളിലുള്ള വൌച്ചർ തുക വരുന്ന പക്ഷം 1% ആദായ നികുതി, മൊത്തം തുകയ്ക്ക് കണക്കാക്കി സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത് ആദായനികുതി വകുപ്പിലേക്ക് അടക്കുന്നതാണ്. പാൻകാർഡിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

10. എല്ലാ സർക്കാർ ക്വട്ടേഷനുകൾക്കുമുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. മറ്റ് വിവരങ്ങൾ അറിയുന്നതിനും ഓഫീസുമായി പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ് ( ഫോൺ നം. 0480 – 2702116).

KERALA AGRICULTURAL UNIVERSITY
AGRONOMIC RESEARCH
CHALAKUDY
680 307

പ്രൊഫസർ & ഹെഡിനുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

കോപ്പി : നോട്ടീസ് ബോർഡ്

1. കെഎയു,വെബ്സൈറ്റ്
2. എ.ആർ.എസ്, ചാലക്കുടി
3. കൃഷിഭവൻ, ചാലക്കുടി
4. വില്ലേജ് ഓഫീസ്, ചാലക്കുടി
5. ബ്ലോക്ക് ഓഫീസ്, ചാലക്കുടി.
6. പരിയാരം / കോടശ്ശേരി പഞ്ചായത്ത് ഓഫീസ്
7. കൃഷിഭവൻ, ചാലക്കുടി/ മേലൂർ/ കാടുകുറ്റി / പരിയാരം/കൊടകര.